(ഡി) പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദമാക്കുന്നതിനായി സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുമൂലം സ്ത്രീകൾക്ക് പോലീസ് സ്റ്റേഷനിൽ ചെന്ന് നിർഭയം പരാതി നൽകാവുന്നതാണ്. കൂടാതെ, ജില്ലയൊട്ടാകെ അധികാരപരിധിയുള്ള ആറ് പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉത്തരവായിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ ജനമൈത്രി പോലീസ്

185 (3005) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ ജനമൈത്രി പോലീസ് സംവിധാനം പ്രവർത്തിച്ചുവരുന്ന പോലീസ് സ്റ്റേഷനുകൾ ഏതെല്ലാം ;

(ബി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള പോലീസ് സ്റ്റേഷനുകളിൽ നിലവിലെ അംഗസംഖ്യക്ക് പുറമെ എത്ര പോലീസ് ഉദ്യോഗസ്ഥരെ അധികമായി അനുവദിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ജില്ലയിൽ പ്രസ്തുത സംവിധാനമുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും അധിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചേർത്തല, ആലപ്പുഴ നോർത്ത്, കായംകുളം, പുളിക്കുന്ന്, കുത്തിയതോട്, ഹരിപ്പാട്, മാവേലിക്കര, മാരാരിക്കുളം, പൂന്തപ്ര, ചെങ്ങന്നൂർ, നെടുമുടി, ആലപ്പുഴ സൗത്ത്, മണ്ണാഞ്ചേരി, തൃക്കുന്നപ്പുഴ എന്നീ 14 പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പോലീസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി&സി) ആലപ്പുഴ ജില്ലയിൽ ജനമൈത്രി സംവിധാനം ഏർപ്പെടുത്തിയിരുന്ന 10 പോലീസ് സ്റ്റേഷനുകളിലേക്ക് 2011 വർഷത്തിൽ 4 സി.പി.ഒ. മാരുടെയും ഒരു വനിതാ സി.പി.ഒ. യുടെയും വീതം തസ്തികകൾ അധികമായി അനുവദിച്ചിരുന്നു. സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ അധിക തസ്തിക അനുവദിക്കുന്നതിന് നിയന്ത്രണമുള്ളതിനാൽ എല്ലാ ജനമൈത്രി പോലീസ് സ്റ്റേഷനുകളിലും അധിക ജീവനക്കാരെ അനുവദിക്കുന്ന വിഷയം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly